# Malayala Manorama

# 16 August 2018

# Kochi : Heavy rain,relief  Camp



## ദുരിതാശ്വാസ നിധിയിൽ പങ്കുചേരാം

### മനോരമ വായനക്കാരുടെ സഹായം ക്യാംപുകളിൽ വിതരണം ചെയ്തു

കൂടെയുണ്ട്, നാട്

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കായി മലയാള മനോരമ വായനക്കാരും അഭ്യുദയകാംക്ഷികളും സഹായങ്ങളായി എത്തിച്ച വസ്തുക്കൾ വിവിധ ദുരിതാശ്വാസ ക്യാംപുകളിൽ വിതരണം ചെയ്തു. വയനാട്ടിലെ പ്രളയബാധിത പ്രദേശങ്ങളിലെ ക്യാംപുകളിലേക്കു നൽകിയ 13 ലക്ഷം രൂപയുടെ വസ്തുക്കൾ ഇന്നലെ ജില്ലാ അധികൃതർ ഏറ്റുവാങ്ങി വിതരണം ചെയ്തു. ഇന്നലെ കോഴിക്കോട് യൂണിറ്റിലെത്തിച്ച സഹായങ്ങൾ ചെറുവണ്ണൂർ മേഖലയിൽ ജില്ലാ അധികൃതർ വിതരണം ചെയ്തു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ യൂണിറ്റുകളിൽ നിന്ന് 15 ലക്ഷത്തിലേറെ രൂപയുടെ വസ്തുക്കളാണ് എത്തിച്ചത്.

കൂടുതൽ പേർ സഹായ വാഗ്ദാനങ്ങളുമായി എത്തുന്നുണ്ട്. മനോരമ 25 ലക്ഷം രൂപ കൈമാറി സഹായനിധിക്കു തുടക്കമിട്ടിട്ടുണ്ട്. വായനക്കാർക്കും ഇതിൽ പങ്കുചേരാം.

മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ ചെക്ക് ആയി കൈമാറുകയോ അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ചെയ്യുകയോ ആകാം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോട്ടയം ടൗൺ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ: 57051893138. ഐഎഫ്എസ് കോഡ്: SBIN0070102.